കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുള്ള തൊഴിലാളികളുടെ ദിവസവേതനം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

==========================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം. 3357/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 08.12.2016.**

==========================================================

പരാമർശം: 1. സ.ഉ.(കൈ)നം.1900/2013/ തസ്വഭവ തീയതി 18.07.2013.
2. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- സംസ്ഥാന കൗൺസിൽ യോഗത്തിന്റെ 13.05.2015 ലെ തീരുമാനം.
3. നഗരകാര്യ ഡയറക്ടറുടെ 21.01.2016 ലെ ഡി.സി 3-20425/15 നമ്പർ കത്ത്.
4. കേന്ദ്ര സർക്കാരിന്റെ 23.3.2016 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നം.735.

**ഉത്തരവ്**

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന ഏതൊരാൾക്കും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൽ കാലാകാലങ്ങളിൽ ലഭ്യമാകുന്ന അതേ വേതനം ലഭിക്കാൻ അവകാശമുണ്ടായിരിക്കുമെന്ന് പരാമർശ സർക്കാർ ഉത്തരവിലെ ഖണ്ഡിക 8.1.1 ൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരം 180/- രൂപയാണ് വേതനം നല്കുന്നതെന്നും എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി (MGNREGS) പ്രകാരം 229/- രൂപ വേതനം നല്കുന്നതിനാൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുള്ള തൊഴിലാളികൾക്കും മുൻകാലപ്രാബല്യമില്ലാതെ വേതനം 229/- രൂപയായി വർദ്ധിപ്പിക്കണമെന്ന് പരാമർശ കത്തിൽ നഗരകാര്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിലെ തൊഴിലാളികളുടെ ദിവസവേതനം 240/- രൂപയാക്കി പരാമർശം4 പ്രകാരം കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ ദിവസവേതനം 240/- രൂപയായി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച.

സാഹചര്യത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുള്ള തൊഴിലാളികളുടെയും ദിവസവേതനം 240/-(ഇരുന്നൂറ്റി നാല്പത്) രൂപയാക്കി മുൻകാല പ്രാബല്യമില്ലാതെ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**വി.ആർ.ദിലീപ് കുമാർ**
**അഡീഷണൽ സെക്രട്ടറി**

To

1) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4) ധനകാര്യ വകുപ്പ് (നം.Dev-1/290/2016/Fin തിയതി 10.11.2016 പ്രകാരം)
5) ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ